നമ്പർ.പി.റ്റി(1)17558/08 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 22.02.2009

## സർക്കുലർ നമ്പർ. 8/2009

വിഷയം : സഹകരണ വകുപ്പ് – സഹകരണ വിദ്യാഭ്യാസ ഫണ്ട് അടക്കാത്ത സഹകരണ സംഘങ്ങളിൽ നിന്നും പിഴപലിശ ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന :
1. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ 12.04.2008 ലെ പി.റ്റി(1)17558/08 നമ്പർ കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 22.02.2003 ലെ 11/2003 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 12.06.2003 ലെ 31/2003 നമ്പർ സർക്കുലർ.
4. 23.07.2008 ലെ ജി.ഒ.(പി)169/2008/സഹ. നമ്പർ ഉത്തരവ്

................

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ അറ്റലാഭം 1000/-രൂപക്കും അതിന്മുകളിലും വരുന്നസ്ഥാപനങ്ങൾ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് 2 മാസത്തിനകം സഹകരണവിദ്യാഭ്യാസ ഫണ്ട് വിഹിതം കേരള സംസ്ഥാന സഹകരണബാങ്കിൽ അടക്കണമെന്നുള്ള 1969 – ലെ കേരള സഹകരണസംഘം ചട്ടം 53(2)ലെ നിബന്ധന ചിലസഹകരണസംഘങ്ങൾ/ബാങ്കുകൾ പാലിക്കാതെയിരുന്നതായും ഈ ഇനത്തിൽ വലിയൊരു തുക സംസ്ഥാന സഹകരണയൂണിയന് പിരിഞ്ഞ്കിട്ടുവാനുള്ളതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

സൂചന(2)പ്രകാരം ഈ വിഷയത്തിൽ സർക്കുലർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും മിക്ക സംഘങ്ങളും/ബാങ്കുകളും വിദ്യാഭ്യാസ ഫണ്ടിനത്തിൽ അടക്കുവാനുള്ളതുക ചട്ടപ്രകാരംസംസ്ഥാനസഹകരണബാങ്കിന്റെഅക്കൗണ്ടിൽ അടക്കുന്നില്ലായെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ സഹകരണ വിദ്യാഭ്യാസഫണ്ട് ചട്ടപ്രകാരം അടക്കാതെ വീഴ്ചവരുത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്/പ്രസിഡന്റുമാരിൽ നിന്ന് 6% പിഴ പലിശ ഈടാക്കുന്നതിന് വ്യവസ്ഥചെയ്ത് കൊണ്ട് കേരള സഹകരണ ചട്ടം 53 ൽ സൂചന (4) പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ഫണ്ടിലേക്ക് അടക്കുവാനുള്ള തുകകൾ സഹകരണ സംഘങ്ങൾ/ബാങ്കുകളെക്കൊണ്ട് യഥാസമയംഅടപ്പിക്കുവാൻ ബന്ധപ്പെട്ട ജനറൽ/ആഡിറ്റ് വിഭാഗം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരും, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർമാരും (ജനറൽ)&(ആഡിറ്റ്), ഇൻസ്പെക്ടർമാരും/ആഡിറ്റർമാരും മുൻകൈ എടുക്കേണ്ടതും വീഴ്ച വരുത്തിയിട്ടുള്ള ചീഫ് എക്സിക്യൂട്ടീവ്/പ്രസിഡന്റുമാരിൽ നിന്ന് പിഴപലിശ ഈടാക്കുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു. സംഘത്തിൽ പരിശോധന നടക്കുന്ന

വേളയിലും ആഡിറ്റ് പൂർത്തിയാകുന്ന സമയത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിദ്യാഭ്യാസ ഫണ്ട് കുടിശ്ശിക ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാകുന്നു.

(ഒപ്പ്)
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്)
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, മറ്റ് അപക്സ് സ്ഥാപനങ്ങൾ.
3. എല്ലാ ജനറൽ മാനേജർമാർക്കും,ജില്ലാ സഹകരണ ബാങ്ക്
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും(ജനറൽ/ആഡിറ്റ്)

പകർപ്പ് :

സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
ജോയിന്റ് രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(പി.റ്റി)